| 08–10–2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – നിങ്ങളുടെ പഠനം ബുദ്ധിയുടേതാണ്, ബുദ്ധിയെ ശുദ്ധമാക്കുന്നതിനായി കുടുംബത്തിൽ വളരെ യുക്തിയോടെ പോകണം. ഭക്ഷണ-പാനീയത്തിന്റെ പഥ്യം പാലിക്കണം.**

**ചോദ്യം –** ഈശ്വരന്റെ ചുമതല വളരെയധികം അത്ഭുതകരവും ഗുപ്തവുമാണ് എങ്ങനെ?
**ഉത്തരം –** ഓരോരുത്തരുടെയും കർമ്മത്തിന്റെ കണക്കുകളെ തീർപ്പാക്കുന്നതിന്റെ ചുമതല വളരെയധികം അത്ഭുതകരവും ഗുപ്തവുമാണ്. ആര് എത്ര തന്നെ തന്റെ പാപ കർമ്മത്തെ ഒളിപ്പിക്കാൻ പ്രയത്നിച്ചാലും അത് ഒളിയുകയില്ല. ശിക്ഷകൾ തീർച്ചയായും അനുഭവിക്കേണ്ടതായി വരും. ഓരോരുത്തരുടെയും കണക്ക് മുകളിലുണ്ട്. അതുകൊണ്ടാണ് ബാബ പറയുന്നത്, ബാബയുടെതായി മാറിയതിനു ശേഷം എന്തെങ്കിലും പാപം ഉണ്ടാവുകയാണെങ്കിൽ സത്യം പറയുന്നതിലൂടെ പകുതി മാപ്പാകും. ശിക്ഷകൾ കുറയും. ഒളിപ്പിക്കരുത്. പറയാറുണ്ട്, കക്ക മോഷ്ടിച്ചയാൾ ലക്ഷം മോഷ്ടിക്കുന്നു...... ഒളിപ്പിക്കുന്നതിലൂടെ ധാരണയുണ്ടാകുന്നില്ല.

**ഓംശാന്തി**. ആരുടെ ഓർമ്മയിലാണ് ഇരിക്കുന്നത്? കുട്ടികൾ മനസ്സിലാക്കുന്നു, മാതാപിതാവായ ബാപ്ദാദ ഇപ്പോൾ വരും. വന്ന് നമ്മൾ കുട്ടികൾക്ക് സമ്പത്ത് നൽകും. ബാബയിൽ നിന്നും നമ്മൾ വീണ്ടും 5000 വർഷങ്ങൾക്കു മുമ്പത്തേതു പോലെ സ്വർഗ്ഗീയ സമ്പത്ത് നേടിക്കൊണ്ടിരിക്കുന്നു. ഈ കാര്യം എല്ലാവരുടെയും ഹൃദയത്തിലുണ്ടല്ലോ. ഇപ്പോൾ ഈ നരകമാകുന്ന വൈക്കോൽക്കൂന അഗ്നിയ്ക്കിരയാകാൻ പോവുകയാണ്. നിങ്ങൾക്ക് ഈ ലോകരുമായി യാതൊരു ബന്ധവുമില്ല. നിങ്ങൾക്ക് ഈ ജ്ഞാനവും ഗുപ്തമാണ്, അപ്പോൾ സമ്പത്തും ഗുപ്തമാണ്. ലൗകികപിതാവിന്റെ സമ്പത്ത് പ്രത്യക്ഷമാണ്, ഇത് അച്ഛന്റെ സമ്പത്താണ്. കണ്ണിലൂടെ കാണാൻ സാധിക്കുന്നു. അച്ഛനെയും കാണാൻ സാധിക്കുന്നു, സമ്പത്തും കാണാൻ സാധിക്കുന്നു. ഇപ്പോൾ നമ്മൾ ആത്മാക്കൾ ഗുപ്തമാണ്. ഈ കണ്ണുകൾ കൊണ്ട് ആത്മാവിനെയും പരമാത്മാവിനെയും കാണാൻ സാധിക്കുന്നില്ല. ലൗകിക സംബന്ധത്തിൽ സ്വയം ശരീരമാണെന്നു മനസ്സിലാക്കി, ശരീരത്തെയും ഈ കണ്ണിലൂടെ കാണുന്നു, ശരീരം നൽകുന്ന അച്ഛനെയും ഈ കണ്ണിലൂടെ കാണുന്നു. ടീച്ചറെയും ഗുരുവിനെയുമെല്ലാം തന്നെ കണ്ണിലൂടെ കാണുവാൻ സാധിക്കും. എങ്കിൽ ഇവിടെ അച്ഛനും ടീച്ചറും ഗുരുവും ഗുപ്തമാണ്. കുട്ടികൾക്കറിയാം നമ്മൾ ആത്മാക്കൾക്കിപ്പോൾ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിട്ടുണ്ട്. ഇതിനു മുമ്പ് മൂന്നാമത്തെ നേത്രമില്ലായിരുന്നു. ആത്മാക്കൾ ഉറങ്ങുകയായിരുന്നു. ഇപ്പോൾ ആത്മാവിനെ ഉണർത്തുന്നു , എങ്കിൽ ആത്മാവും ഗുപ്തമാണ്. എങ്ങനെയാണോ ആത്മാവ് ശരീരത്തിലേക്ക് പ്രവേശിക്കുന്നത്, അതുപോലെ ശിവബാബയും ഈ ശരീരത്തിലേക്ക് വന്ന് നമ്മെ വീണ്ടും സ്വർഗ്ഗത്തിന്റെ അധികാരികളാക്കി മാറ്റുകയാണ്. ബുദ്ധിയിലുണ്ട് നാം അനേക തവണ ബാബയിൽ നിന്നും അരക്കല്പത്തേക്കുള്ള സമ്പത്ത് നേടിയിട്ടുണ്ട്. പിന്നീട് അരക്കല്പത്തേക്ക് നഷ്ടപ്പെടുത്തി. ഇപ്പോൾ വീണ്ടും നാം ശ്രീമത പ്രകാരം തന്റെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീമതം നൽകുന്നതും ഗുപ്തമായാണ്. നിങ്ങൾ ആത്മാക്കൾക്കറിയാം നാം പരമപിതാവായ പരമാത്മാവിൽ നിന്നും ഗുപ്ത രൂപത്തിൽ കേട്ടുകൊണ്ടിരിക്കുകയാണ്. തീർച്ചയായും ആത്മാഭിമാനിയായിത്തീരണം. ആദ്യം ആത്മാവ്, പിന്നീടാണ് ശരീരം. ആത്മാവും പരമാത്മാവും അവിനാശിയാണ്. ബാബ പ്രവേശിക്കുന്ന ശരീരം വിനാശിയാണ്. ഈ ശരീരത്തിലേക്ക് വന്ന് കുട്ടികളേ....കുട്ടികളേ..... എന്ന് വിളിച്ച് നമുക്ക് സ്മൃതിയുണർത്തുന്നു, ഞാൻ വന്നിരിക്കുകയാണ്, നിങ്ങളെ ദൈവീക സത്യയുഗീ സ്വരാജ്യത്തിനായുള്ള പുരുഷാർത്ഥം ചെയ്യിക്കാനായി. പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. സത്യയുഗത്തിൽ കേവലം നിങ്ങളുടെ രാജ്യമായിരിക്കും. നിങ്ങളായിരുന്നു രാജ്യം ഭരിച്ചിരുന്നത്. പിന്നീട് പുനർജന്മം എടുക്കണമല്ലോ. ആരാണോ ശ്രീകൃഷ്ണന്റെ വംശാവലി അഥവാ ദൈവീക കുലത്തിലുള്ളവരായിരുന്നത്, അവർ മാത്രമേ അവശേഷിക്കൂ. മറ്റാരും തന്നെ അവിടെയുണ്ടാകില്ല. ചന്ദ്രവംശി കുലത്തിലുള്ളവരുമുണ്ടാകില്ല. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ട വളരെ സഹജമായ കാര്യങ്ങളാണ്. സത്യയുഗത്തിൽ മറ്റൊരു ധർമ്മങ്ങളുമുണ്ടായിരുന്നില്ല. ഇപ്പോൾ അനേക ധർമ്മങ്ങളാണ്, പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്നു. ഭിന്ന-ഭിന്ന അഭിപ്രായങ്ങൾ കാരണം പ്രശ്നങ്ങൾ വർദ്ധിക്കുകയാണ്. സത്യയുഗത്തിൽ ഒരു ധർമ്മമായതു കാരണം പ്രശ്നമുണ്ടായിരുന്നില്ല. അപ്പോൾ നിങ്ങൾ കുട്ടികൾ ഗുപ്തമായി തന്റെ രാജ്യം സ്ഥാപിക്കുകയാണ്. ഓരോരുത്തരും പറയണം നമ്മൾ നമ്മുടെ രാജ്യത്തിൽ ഉയർന്ന പദവി നേടാനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. അപ്പോൾ അത്രയും ധൈര്യവും ആവശ്യമാണ്. നിങ്ങളുടെ പേര് തന്നെ ശിവശക്തികളെന്നാണ്, അല്ലാതെ സിംഹത്തിനുമേലുള്ള സവാരിയൊന്നുമില്ല. ഇത് നിങ്ങളുടെ മഹിമ കാരണമാണ്, സിംഹത്തിനുമേൽ ശക്തി ഇരിക്കുന്നതായി കാണിക്കുന്നത്. അല്ലാതെ നിങ്ങളാരും സിംഹത്തിനുമേൽ ഇരിക്കുന്നില്ല. നിങ്ങൾ മായയുടെ മേലാണ് വിജയിക്കുന്നത്.

ഈ യോഗ്യത മൂലമാണ് നിങ്ങളെ ശിവശക്തി സൈന്യമെന്ന് വിളിക്കുന്നത്. ഗോപന്മാരും (സഹോദര ന്മാർ) ഉണ്ടെങ്കിലും കൂടുതലും മാതാക്കളാണ് ഈ സേനയിലുള്ളത്. നിങ്ങൾ എല്ലാവരെയും അപവിത്ര മായ പ്രവൃത്തി മാർഗ്ഗത്തിൽ നിന്നും പവിത്ര പ്രവൃത്തിമാർഗ്ഗത്തിലേക്ക് കൊണ്ടു പോകുന്നു. നിങ്ങൾക്ക റിയാം സത്യയുഗീ വിഷ്ണുപുരിയിൽ നാം വളരെ സുഖികളായിരുന്നു. പവിത്രത, സുഖം, ശാന്തി സർവ്വതും ഉണ്ടായിരുന്നു. ഇവിടെ എത്ര ദു:ഖമാണ്. വീട്ടിൽ കുപുത്രരായ കുട്ടികളുണ്ടെങ്കിൽ ധാരാളം ബുദ്ധിമുട്ടി ക്കുന്നു. സത്യയുഗത്തിൽ സദാ സന്തോഷിക്കുന്നു. നിങ്ങൾക്കറിയാം പരിധിയില്ലാത്ത അച്ഛൻ വീണ്ടും നമുക്ക് പരിധിയില്ലാത്ത സുഖം നൽകാൻ വന്നിരിക്കുന്നു. ബാബ പറയുന്നു, ഗൃഹസ്ഥ വ്യവഹാരത്തിൽ ജീവിച്ചുകൊണ്ടും കേവലം ഈ പഠിപ്പിനെ ബുദ്ധിയിൽ ധാരണ ചെയ്യൂ. വീട്ടിലിരുന്നുകൊണ്ടും ശ്രീമതം പാലിക്കണം. ഭക്ഷണ-പാനീയങ്ങളുടെ പ്രഭാവവും ധാരാളമുണ്ടാകുന്നു, അതുകൊണ്ട് യുക്തിപൂർവ്വം മുന്നോട്ട് പോകണം. ഓരോരുത്തരുടെയും കർമ്മബന്ധനം വ്യത്യസ്തമാണ്. ചിലർ ബന്ധനസ്ഥരാണ്, ചിലർ ബന്ധനമുക്തരാണ്. ചിലർ വളരെ യുക്തിപൂർവ്വം ഈ ജ്ഞാനം മനസ്സിലാക്കി കൊടുത്ത് അനുമതി നേടുന്നു. യുക്തികൾ ധാരാളം മനസ്സിലാക്കി തരുന്നുണ്ട്. പറയൂ, ഭഗവാന്റെ ആജ്ഞയാണ്, പവിത്രമായി രിക്കണം, ഞാൻ നിങ്ങൾക്ക് ഭക്തിയുടെ ഫലം നൽകാൻ വന്നിരിക്കുന്നു. അപ്പോൾ തീർച്ചയായും ഭഗ വാന്റെ ആജ്ഞ പ്രകാരം ജീവിച്ചാൽ മാത്രമേ ശിക്ഷകൾ അനുഭവിക്കാതെ മുക്തി-ജീവന്മുക്തി നേടാൻ സാധിക്കൂ. ജന്മ-ജന്മാന്തര പാപഭാരം ശിരസ്സിലുണ്ട്. എങ്ങനെയാണോ ബാബ ഒരു സെക്കന്റിൽ മുക്തി-ജീവന്മുക്തി നൽകുന്നത്, അതുപോലെ ശിക്ഷകളും ഒരു സെക്കന്റിൽ ലഭിക്കുന്നു, എന്നാൽ ഒരു സെക്കന്റിൽ തന്നെ ധാരാളം സഹിക്കേണ്ടതായി വരുന്നു. എങ്ങനെയാണോ കാശികൽവട്ട് (ചെയ്ത തെറ്റുകളുടെ പ്രായശ്ചിത്തത്തിനായി കാശിയിലുള്ള ഒരു കിണറിലേക്ക് എടുത്തു ചാടുന്ന ഒരു ശിക്ഷ)അനുഭവിക്കു മ്പോൾ, കുറച്ച് സമയത്തിൽ തന്നെ ധാരാളം വേദന സഹിക്കേണ്ടതായി വരുന്നത്, ഇതിലൂടെ കർമ്മക്കണ ക്കുകൾ തീരുന്നു. നിങ്ങൾക്ക് ശിക്ഷകൾ കൂടാതെ തന്നെ കർമ്മക്കണക്കുകളെ ഇല്ലാതാക്കണം. അതു കൊണ്ട് ശിക്ഷകൾ അനുഭവിക്കാതിരിക്കാനുള്ള പുരുഷാർത്ഥം ചെയ്യണം. ബാബയെ ഓർമ്മിക്കുകയാണ് ഏറ്റവും നല്ലത്. വിനാശം തൊട്ട് മുന്നിലാണ്. വിനാശ കാലത്ത് പാണ്ഡവരുടെ പ്രീത ബുദ്ധിയാണ്. ബാബ സന്മുഖത്ത് വന്ന് പ്രീതി വെപ്പിച്ചിരിക്കുകയാണ്. ബാക്കി മറ്റുള്ളവരോട് പ്രീതി കാണിച്ച് എന്തു ചെയ്യാനാണ്! അവരെല്ലാം തന്നെ നശിക്കാനുള്ളതാണ്. ഒരേയൊരു ബാബയെ ഓർമ്മിക്കാനുള്ള ദൃഢ മായ പുരുഷാർത്ഥം ചെയ്യണം. പുറമെ മിത്ര-സംബന്ധികളോട് സന്തോഷ വാർത്തകൾ ചോദിക്കുന്നു, എന്നാൽ ഹൃദയം ഒരേയൊരു ബാബയോട്. ഭൗതിക പ്രിയതമൻ, പ്രിയതമ വീട്ടിലിരുന്നുകൊണ്ടും പര സ്പരം ഓർമ്മിക്കാറുണ്ട്. നിങ്ങൾ ശിവബാബയുടെ പ്രിയതമകളാണ്. ബാബ നിങ്ങളുടെ സന്മുഖത്താണ്. ബാബ നിങ്ങളെ ഓർമ്മിക്കുന്നു, നിങ്ങളും ബാബയെ ഓർമ്മിക്കുന്നു. ശിവബാബ ഈ ശരീരത്തിലേക്ക് വന്ന് ആത്മാക്കളുമായുള്ള വിവാഹ നിശ്ചയം സ്വയത്തോട് ചെയ്യിക്കുന്നു. ഇതിനെയാണ് പറയുന്നത്, ആത്മാക്കളും പരമപിതാവായ പരമാത്മാവുമായുള്ള മംഗള മിലനമേള. നിങ്ങൾ ജ്ഞാന ഗംഗകളാണ്. ജ്ഞാന സാഗരൻ ഒരേയൊരു ബാബയാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ വികർമ്മം നശിക്കുന്നു. ബാബ മറ്റൊരു ബുദ്ധിമുട്ടും നൽകുന്നില്ല, കേവലം പവിത്രമായിരിക്കണം. കാമം മഹാശത്രുവിനുമേൽ വജയിക്കുന്നതിലൂടെ നിങ്ങൾ വിഷ്ണുപുരിയുടെ അധികാരിയായിത്തീരുന്നു. ബാബയുടെ ആജ്ഞയാണ് പവിത്രമായിരിക്കൂ എന്നാൽ 21 ജന്മത്തേക്കുള്ള രാജ്യപദവി നേടുന്നു. പതിതമാകുന്നതിനെക്കാൾ നല്ലത് പാത്രം കഴുകുന്ന പണിയാണ്. എന്നാൽ ദേഹാഭിമാനത്തിൽ നിന്നും മുക്തമാകാത്തതിനാൽ സമ്പത്ത് നഷ്ടപ്പെടുത്തുന്നു. നോക്കൂ, ബാബ എത്ര ഉയർന്നതാണ്, ഈ പതിതലോകത്തിൽ പതിത ശരീരത്തിലേ ക്കാണ് വരുന്നത്. ശിവബാബയെ സോമനാഥക്ഷേത്രത്തിൽ പൂജിക്കുന്നു. അതേ അച്ഛൻ തന്നെ നോക്കൂ ഇപ്പോൾ എത്ര സാധാരണമായാണിരിക്കുന്നത്. ഇപ്പോൾ സ്വയം പരമാത്മാവാണ് പഠിപ്പ് നൽകുന്നത്. ഇത് പ്രകാരം നിങ്ങൾ ജീവിക്കുന്നില്ലെങ്കിൽ പദവിയിൽ വര വീഴ്ത്തുന്നു.

ബാബ പറയുന്നു കുട്ടികളേ, പവിത്രമായി ജീവിക്കൂ. ഇപ്പോൾ എല്ലാവരും ഭ്രഷ്ടാചാരികളാണ്. ആരാണോ പവിത്രമായി ജീവിക്കുന്നത് അവരാണ് ശ്രേഷ്ഠാചാരികൾ. ഗവൺമെന്റ് സന്യാസിമാരുടെ കൂട്ടത്തെ തയ്യാ റാക്കിയിട്ടുണ്ട്, എല്ലാവരെയും ശ്രേഷ്ഠാചാരികളാക്കുവാൻ. എന്നാൽ ശ്രേഷ്ഠാചാരികളുണ്ടാകുന്നത് സത്യ യുഗത്തിലാണ്. ഇവിടെ ആരും അങ്ങനെയില്ല. പവിത്രമായവരെ മാത്രമാണ് ശ്രേഷ്ഠമെന്നു പറയുന്നത്. സന്യാസിമാർ പവിത്രമാണെങ്കിലും അപവിത്ര ജന്മമാണല്ലോ. എന്തുകൊണ്ടെന്നാൽ ഇത് മായയുടെ രാജ്യ മാണ്. ഇവിടെ ആർക്കും തന്നെ യോഗബലത്തിലൂടെ ജന്മം ലഭിക്കില്ല. ബാബ കുട്ടികൾക്ക് മനസ്സിലാക്കി ത്തരുന്നു, ഹൃദയം എപ്പോഴും ശുദ്ധമായിരിക്കണം. ലേശം പോലും അഹങ്കാരം അരുത്. തീർത്തും ദരി ദ്രനാവുകയാണ് നല്ലത്. ബാബ ഏഴകളുടെ തോഴനാണ്, ആഹാ ദരിദ്രരായ കുട്ടികളേ ആഹാ.... ഏഴകളെ ത്തന്നെയാണ് ധനവാനാക്കേണ്ടത്. ബാബ പറയുന്നു ഞാൻ ഭാരതത്തെ ദരിദ്ര അവസ്ഥയിൽ നിന്നും ധന വാനാക്കുന്നു. ഭാരതവാസികൾക്കു മാത്രമാണ് ആയിത്തീരാൻ സാധിക്കുക അതും ആരാണോ ശ്രീമതം

പാലിക്കുന്നത് അവർ മാത്രമേ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരൂ. ബാബ വന്ന് സഹജമായ രാജയോഗം പഠിപ്പിക്കുന്നത്, കൃഷ്ണപുരി അഥവാ സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നതിനായാണ്. ബാബയുടെ ആജ്ഞയാണ് പവിത്രമായി ജീവിക്കൂ, മറ്റാരെയും തന്നെ നമുക്ക് ഗുരുവായി അംഗീകരിക്കുവാൻ സാധിക്കില്ല. കൂടുതൽ പ്രശ്നങ്ങളുണ്ടാകുന്നത് പവിത്രതയുടെ കാര്യത്തിലാണ്. ചിലർക്ക് അടി ലഭിക്കും, ചിലരെ വീട്ടിൽ നിന്നും പുറത്തേക്ക് ഇറക്കി വിടുന്നു, അപ്പോൾ അവർ എന്തു ചെയ്യും? ബാബ അവർക്ക് അഭയം നൽകുന്നു, എന്നാൽ ബാബയുടെ പക്കലേക്ക് വന്ന് പിന്നീട് സംബന്ധികളെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ വീണ്ടും നഷ്ടം സംഭവിക്കുന്നു. പിന്നീട് രണ്ട് ലോകത്തിൽ നിന്നും പുറത്താകുന്നു. ജ്ഞാനത്തെ ധാരണ ചെയ്യുന്നില്ലെങ്കിൽ ഉന്നതിയുണ്ടാകില്ല. പഴയ പെരുമാറ്റം തുടർന്നുകൊണ്ടിരിക്കും. ഇവിടെ പാപ കർമ്മങ്ങളൊന്നും ചെയ്യാൻ പാടില്ല. നിങ്ങൾക്ക് പുണ്യാത്മാവായിത്തീരണം. ശ്രീമതത്തിന്റെ ആധാരത്തിൽ അവനവനോട് ചോദിക്കണം, ഇത് പാപമാണോ പുണ്യമാണോ? ബാബ പറയുന്നു, എന്തെല്ലാം പാപങ്ങൾ ചെയ്തിട്ടുണ്ടോ അത് ബാബയോട് കേൾപ്പിക്കുന്നതിലൂടെ പകുതി പാപം നശിക്കുന്നു. പല കുട്ടികളും പറയാറുണ്ട്, ഞങ്ങൾ ഇന്നതെല്ലാം ചെയ്തിട്ടുണ്ട്... ഇന്ന തെറ്റ് ചെയ്തു ഇന്നയാളിലൂടെ ഞാൻ പതിതമായി. കുട്ടികൾ വികർമ്മങ്ങൾ ചെയ്തു എന്ന് ബാബയ്ക്കുമറിയാം. ഇനി പാപകർമ്മങ്ങളൊന്നും ചെയ്യരുതെന്ന് മനസ്സിലാക്കിത്തരുന്നു, ഇല്ലെങ്കിൽ ശിക്ഷകൾ നൂറിരട്ടി വർദ്ധിക്കുന്നു, പിന്നീട് ധർമ്മരാജപുരിയിൽ സാക്ഷാത്കാരം ചെയ്യിക്കുന്നു. നിങ്ങൾ ഇങ്ങനെയുളള പാപങ്ങൾ ചെയ്ത് പിന്നീട് ഒളിപ്പിച്ചു. എന്നാലും അതൊരിക്കലും ഒളിയുകയില്ല. ആരും കാണുന്നില്ലെങ്കിൽ പോലും ബാബയ്ക്ക് നല്ല രീതിയിൽ മനസ്സിലാക്കാൻ സാധിക്കുന്നു. ധർമ്മരാജന്റെ പക്കൽ മുഴുവനും കണക്കുകളുണ്ടാകുന്നു. ഈശ്വരീയ ചുമതല വളരെ ഗുപ്തവും അത്ഭുതവുമാണ്. തീർച്ചയായും ഇത്രയും പാപം ചെയ്തതുകൊണ്ടാണ് വളരെ മോശമായ വീട്ടിൽ തന്നെ ജന്മമെടുത്തതെന്ന് പറയാറില്ലേ. അപ്പോൾ പാപത്തിന്റെ ശേഖരണമുളളതു കൊണ്ടു തന്നെയാണല്ലോ. മുകളിൽ ഇതിന്റെയെല്ലാം കണക്കുകളുണ്ടെന്നു പറയുന്നു. ഇപ്പോൾ കണക്കുകൾ ഇവിടെയാണ് അനുഭവിക്കുന്നത്, അതുകൊണ്ടാണ് ബാബ മനസ്സിലാക്കിത്തരുന്നത്, ഇനി പാപകർമ്മങ്ങളൊന്നും തന്നെ ചെയ്യരുത്. കക്ക മോഷ്ടിച്ചയാൾ ലക്ഷം മോഷ്ടിക്കുമെന്നു പറയാറുണ്ട്. നമ്മൾ വളരെ വലിയ പാപമാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കണം, ഇതിലൂടെ പദവി തന്നെ ഭ്രഷ്ടമാകുന്നു. ധാരണയില്ലെങ്കിൽ ഈശ്വരീയ സേവനം ചെയ്യാൻ സാധിക്കില്ല. മറ്റുളളവരുടെയും നന്മ ചെയ്യണം. ഇങ്ങനെ സമയം നഷ്ടപ്പെടുത്തി പാപം ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ പദവി കുറയുന്നു. പിന്നീട് കല്പകല്പാന്തരത്തേക്ക് ആ പദവി തന്നെയായിരിക്കും. അതുകൊണ്ട് എത്ര കഴിയുന്നുവോ പുരുഷാർത്ഥം ചെയ്യണം. ബാബ ചോദിക്കാറുണ്ട്, ബാബയുടെ പക്കലേക്ക് എന്തിനാണ് വരുന്നത്? സൂര്യവംശി രാജധാനിയുടെ സമ്പത്ത് നേടാൻ എന്നു പറയും, അപ്പോൾ തീർച്ചയായും ശ്രീമതം പാലിക്കണം. എന്നിൽ നിന്നും എന്തെങ്കിലും പാപ കർമ്മങ്ങൾ അഥവാ മോശമായ കർമ്മങ്ങളുണ്ടാകുന്നില്ലല്ലോ എന്നു നോക്കൂ. ഇല്ലെങ്കിൽ നൂറു മടങ്ങ് ശിക്ഷകൾ അനുഭവിക്കേണ്ടതായി വരുന്നു, പിന്നീട് ദാസ-ദാസിയാകേണ്ടതായി വരുന്നു. അതിനുവേണ്ടിയല്ലല്ലോ ഇവിടേക്ക് വരുന്നത്. മമ്മാ-ബാബാ എന്നു പറയുന്നു എങ്കിൽ നരനിൽ നിന്നും നാരായണനായിത്തീരണം. ധാരണ കൂടാതെ പദവി എങ്ങനെ പ്രാപ്തമാക്കും. മമ്മാ-ബാബാ എന്നു പറഞ്ഞിട്ടും മാതാപിതാവിന്റെ സിംഹാസനത്തിൽ ഇരിക്കുന്നില്ലെങ്കിൽ പൂർണ്ണമായും പഠിക്കുന്നില്ലെന്ന് മനസ്സിലാക്കാം. മമ്മാ-ബാബയാണ് നരനിൽ നിന്നും നാരായണനും നാരിയിൽ നിന്നും ലക്ഷ്മിയുമായിത്തീരുന്നത്. അതു തന്നെയല്ലേ ബാബ നിങ്ങളേയും പഠിപ്പിക്കുന്നത്. അപ്പോൾ ബാബയിൽ നിന്നും പൂർണ്ണ സമ്പത്ത് നേടണം. വളരെയധികം പേർ ഒളിച്ച്-ഒളിച്ച് പാപം ചെയ്യുന്നവരുണ്ട്, എന്നാൽ അവരത് പറയുന്നില്ല. എത്ര തന്നെ മനസ്സിലാക്കി കൊടുത്താലും അവരത് ഉപേക്ഷിക്കുന്നില്ല. മോഷ്ടിക്കുന്ന സ്വഭാവമുണ്ടെങ്കിൽ മോഷ്ടിക്കാതെയോ അസത്യം പറയാതെയോ ഇരിക്കാൻ സാധിക്കില്ല. സത്യമായ ബാബയോട് സത്യം മാത്രം പറയണം. ബാബയോട് പറയണം, ബാബാ എന്നിൽ നിന്നും ഇന്ന തെറ്റ് സംഭവിച്ചു, ക്ഷമിക്കണം. മായ പാപം ചെയ്യിച്ചു. ശരി, സത്യം പറഞ്ഞല്ലോ തീർച്ചയായും പകുതി മാപ്പാക്കും. ഇല്ലെങ്കിൽ പാപം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജോലിയിൽ പാപം ചെയ്യേണ്ടി വരുന്നു എന്ന് പറയുന്നു. വ്യാപാരികൾ പാപം ചെയ്യുമ്പോൾ അവർ ദാന-ധർമ്മങ്ങൾ ചെയ്ത് പാപങ്ങളെ കുറയ്ക്കാൻ നോക്കുന്നു. പാപം ചെയ്ത്, പിന്നീട് പുണ്യ കർമ്മങ്ങൾക്കായി പൈസ വിനിയോഗിക്കുന്നതും നല്ലതാണ്. മുങ്ങിയ തോണിയിൽ നിന്നും ഇരുമ്പ് എടുക്കുന്നതും നല്ലതാണല്ലോ. ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു എങ്കിൽ സർവ്വതും പുണ്യകർമ്മങ്ങൾക്ക് പോകണം. സാധാരണ ദാന-പുണ്യകർമ്മങ്ങൾ ചെയ്തവർക്ക് അതിന്റെ ഫലം ലഭിക്കുമല്ലോ. ബാബ ഓരോരുത്തർക്കും മനസ്സിലാക്കിത്തരികയാണ്, ബാബ ഓരോ കാര്യങ്ങൾക്കും നിർദ്ദേശം നൽകുന്നുണ്ടെങ്കിൽ കുട്ടികൾ ഒരിക്കലും മോശമായ കാര്യങ്ങൾ ചെയ്യരുത്. എന്നാൽ മായ വെറുതെ വിടില്ല. നല്ല-നല്ല വസ്തുക്കൾ കാണുമ്പോൾ പെട്ടെന്നു തന്നെ അതെടുത്ത് കഴിക്കുകയാണ്. ഇങ്ങനെയുളള പാപ കർമ്മങ്ങൾ ചെയ്യുന്നതിലൂടെ അവനവന്റെ തന്നെ പദവിയാണ് നഷ്ടമാക്കുന്നത്. പല കുട്ടികളും ബാബ-ബാബാ എന്നു പറഞ്ഞ് പിന്നീട് കൈ ഉപേക്ഷിക്കുന്നവരുണ്ട്. കൈയ്യു

പേക്ഷിക്കുകയാണെങ്കിൽ എന്തായിരിക്കും അവസ്ഥ? മായ ഒറ്റയടിക്ക് പച്ചയോടെ വിഴുങ്ങുന്നു. പിന്നീട് അവർ കക്കയ്ക്കു തുല്യം പോലുമാകില്ല. നമ്പർവൈസാണല്ലോ. സുഖധാമത്തിൽ ചിലർ രാജ്യം ഭരിക്കുന്നു, ചിലർക്ക് സാധാരണ പദവിയും ലഭിക്കുന്നു. ദാസ-ദാസിമാരുണ്ടാകുമല്ലോ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു. അതിനാൽ ബാബയുടെ ശ്രീമത പ്രകാരം മുന്നേറി പൂർണ്ണ സമ്പത്ത് നേടണം. മരണം തൊട്ടു മുന്നിലാണ്. ദുർമരണങ്ങൾ സംഭവിക്കുന്നുണ്ടല്ലോ. വിമാനം വീഴുകയാണെങ്കിൽ അതിലുള്ളവരെല്ലാവരും മരിക്കുമല്ലോ. ഇതു സംഭവിക്കുമെന്ന് ആർക്കെങ്കിലുമറിയുമോ? മരണം ശിരസ്സിനുമീതെയാണ്, അതുകൊണ്ട് പ്രയത്നിച്ച് ബാബയിൽ നിന്നും പൂർണ്ണ സമ്പത്ത് നേടണം. ശ്രീമതമനുസരിച്ച് ശരീരനിർവ്വഹണാർത്ഥമുള്ള കർമ്മങ്ങൾ ചെയ്യൂ. അതിനോടൊപ്പം ഈ പഠിപ്പ് പഠിക്കണം. ബാബ യുക്തികളെല്ലാം തന്നെ പറഞ്ഞുതരുന്നുണ്ട്. പുരുഷാർത്ഥം ചെയ്ത് പവിത്രമായും ജീവിക്കണം. അപവിത്രമാകുന്നതിനെക്കാളും നല്ലത്, പാത്രം കഴുകുന്നതും, അടിച്ചുവാരുന്നതുമാണ്. എന്നാൽ ദേഹിഅഭിമാനിയാകേണ്ടതായുണ്ട്. പവിത്രതയ്ക്ക് അംഗീകാരമുണ്ട്. പവിത്രമായില്ലെങ്കിൽ പദവി നേടുകയില്ല. ഇതെല്ലാം തന്നെ കുട്ടികൾക്ക് നൽകുന്ന തിരിച്ചറിവാണ്. കുട്ടികളുടെ സംഖ്യ ഇനിയും ധാരാളം വർദ്ധിച്ചുകൊണ്ടിരിക്കും. പ്രജകളെയും ഉണ്ടാക്കണം. ഒരു രാജാവിന് ആയിരക്കണക്കിന് പ്രജകളെ ആവശ്യമാണല്ലോ. രാജാവായിത്തീരാനാണ് പ്രയത്നം. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ഈ വിനാശകാലത്ത് ഹൃദയത്തിന്റെ സത്യമായ പ്രീതി ഒരു ബാബയുമായി വെക്കണം. ഒന്നിന്റെ തന്നെ ഓർമ്മയിൽ കഴിയണം.

2. സത്യമായ ബാബയോട് സദാ സത്യമായിരിക്കണം. ഒന്നും തന്നെ ഒളിയ്ക്കരുത്. ദേഹിഅഭിമാനിയായിരിക്കുവാൻ പ്രയത്നിക്കണം. ഒരിക്കലും അപവിത്രമാകരുത്.

## വരദാനം - ദു:ഖത്തിന്റെ അലകളിൽ നിന്നും വേറിട്ടിരുന്ന് പ്രഭുസ്നേഹത്തിന്റെ അനുഭവം ചെയ്യുന്നവരായ സന്തോഷത്തിന്റെ ഖജനാവിനാൽ സമ്പന്നമായി ഭവിക്കട്ടെ

സംഗമത്തിന്റെ സമയത്ത് ദു:ഖത്തിന്റെ അലകളുടെ പല കാര്യങ്ങളും മുന്നിൽ വരും. എന്നാൽ തന്റെയുള്ളിൽ ആ ദു:ഖത്തിന്റെ അല ദു:ഖിയാക്കരുത്. ചൂടുകാലത്ത് ചൂടുണ്ടാവും എന്നാൽ സ്വയം രക്ഷ നേടുക എന്നത് അവനവന്റെ കയ്യിലാണ്. അപ്പോൾ ദു:ഖത്തിന്റെ കാര്യങ്ങൾ കേട്ടുകൊണ്ടും ഹൃദയത്തിൽ അതിന്റെ പ്രഭാവം വീഴരുത്. എപ്പോൾ ഇങ്ങനെ ദു:ഖത്തിന്റെ അലകളിൽ നിന്നു വേറിടുന്നുവോ അപ്പോൾ പ്രഭുവിനു പ്രിയപ്പെട്ടയാളാകും. ആരാണോ ഇങ്ങനെ വേറിട്ടവരും പരമാത്മാസ്നേഹിയും അവരേ സന്തോഷത്തിന്റെ ഖജനാവിനാൽ സമ്പന്നമായിരിക്കുന്നുള്ളൂ.

## സ്ലോഗൻ - ത്രികാലദർശി അഥവാ ത്രിനേത്രി അവരാണ് ആരാണോ മായയുടെ ബഹുരൂപങ്ങളെ സഹജമായും തിരിച്ചറിയുന്നത്